## വാത്തിക്കുടി ഗ്രാമപഞ്ചായത്ത്

മുരിക്കാശ്ശേരി പി.ഒ., ഇടുക്കി
പിൻ - 685604
ഫോൺ: 04868 263231


150 YEARS OF CELEBRATING THE MAHATMA




# 2020-2021
# പൗരാവകാശ രേഖ

# വാത്തിക്കുടി ഗ്രാമപഞ്ചായത്ത്

## പൗരാവകാശ രേഖ 2020 - 21

നിത്യജീവിതത്തിലെ ഒട്ടനവധി ആവശ്യങ്ങൾക്കായി ജനങ്ങൾ ദൈനംദിനം ബന്ധപ്പെടുന്ന ആഫീസാണ് ഗ്രാമപഞ്ചായത്ത് ഓഫീസ്. അധികാര വികേന്ദ്രീ കരണവും. വികേന്ദ്രീകൃത ആസൂത്രണത്തിലെ ജനകീയ പങ്കാളിത്തവും വഴി ഒട്ടനവധി വകുപ്പുകളും ഓഫീസുകളും ഇന്ന് സാധാരണക്കാരന്റെ നിത്യജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. വിവിധ ആനുകൂല്യങ്ങൾക്കും സർട്ടിഫിക്കറ്റുകൾക്കുമായി ഇന്ന് ഗ്രാമപഞ്ചായത്തിലെത്തുന്നവരുടെ എണ്ണം മുൻകാലങ്ങളെ അപേക്ഷിച്ച് പതിൻമടങ്ങ് വർദ്ധിച്ചിരിക്കുന്നു. തികച്ചും പ്രാദേശിക ഗവൺമെന്റ് എന്ന് പറയാവുന്ന ഗ്രാമപഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളിൽ നിന്ന് ഒരു പൗരന് ഏതെല്ലാം സേവനങ്ങൾ ലഭിക്കും. ആയതിന് എങ്ങനെ അപേക്ഷിക്കാം യോഗ്യതയും മാനദണ്ഡവും എന്താണ്. എന്ത് ഫീസ് അടയ്ക്കണം. എപ്പോൾ ലഭിക്കും ഈ വക കാര്യങ്ങൾ എത്ര വിദഗ്ദ്ധനായ ഉദ്യോഗസ്ഥനോ ജനസേവകനോ പോലും സാധാരണ ജനങ്ങളെ പറഞ്ഞ് മനസിലാക്കാൻ കഴിയില്ല. അത്ര വിപുലമായ അധികാരങ്ങളും. വകുപ്പുകളും സേവനങ്ങളും ഇന്ന് ഗ്രാമപഞ്ചായത്ത് ആഫീസിൽ നിന്നും ലഭ്യമാണ്.

വാത്തിക്കുടി ഗ്രാമപഞ്ചായത്ത് കഴിഞ്ഞ ഏതാനും വർഷങ്ങളായി ചിട്ടയായ രീതിൽ ഓഫീസ് പ്രവർത്തനം നടത്തുകയും അപേക്ഷകൾ പരാതികൾ എന്നിവയിൽ സമയ ബന്ധിതമായി തീരുമാനമെടുത്ത് കൂടുതൽ സുതാര്യമായ നിലയിൽ പ്രവർത്തനം നടത്തി വരികയാണല്ലോ? ഈ അവസരത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്ത് അതിർത്തിയിലെ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പൗരന് ലഭ്യമാകുന്ന വിവധ സേവനങ്ങളും അവയുടെ വ്യവസ്ഥകളും ലഭ്യമാകുന്ന സമയപരിധിയേയും സംബന്ധിച്ച് ഒരു ആധികാരിക രേഖ പൗരാവകാശ രേഖ എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുകയാണ്. വിവിധ ആവശ്യങ്ങളുമായി പഞ്ചായത്ത് ഓഫീസിലും മറ്റ് സർക്കാർ ഓഫീസുകളിലും ബന്ധപ്പെടുന്ന പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഈ രേഖ പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

വാത്തിക്കുടി ഗ്രാമപഞ്ചായത്തിന് വേണ്ടി

**പി.കെ രാജു**

പ്രസിഡന്റ്

# പൊതുവിവരങ്ങൾ

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | : | വാത്തിക്കുടി |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | വാത്തിക്കുടി, ഉപ്പുതോട് (ഭാഗികം) |
| ബ്ലോക്ക് പഞ്ചായത്ത് | : | ഇടുക്കി |
| പഞ്ചായത്തിന്റെ വിസ്തീർണ്ണം | : | 80.09 ച. കി. മീ. |
| ജനസംഖ്യ | : | 32,637 |
| പുരുഷൻ | : | 14291 |
| സ്ത്രീകൾ | : | 14010 |
| പട്ടികജാതി | : | 811 |
| പട്ടികവർഗ്ഗം | : | 714 |
| ജനസാന്ദ്രത | : | 349/ ച.കി.മി. |
| സാക്ഷരത | : | 94.2 |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : | മുരിക്കാശ്ശേരി, വാത്തിക്കുടി, തോപ്രാംകുടി |
| ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ | : | 1. **ശ്രീമതി.സെലിൻ മാത്യു**<br>2. **ശ്രീമതി സുനിത സജീവ്**<br>3. **ശ്രീ. കെ.പി. സുരേന്ദ്രൻ**<br>തോപ്രാംകുടി |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | മുരിക്കാശ്ശേരി |
| ജില്ലാ പഞ്ചായത്ത് മെമ്പർ: | | **ശ്രീ.നോബിൾ ജോസഫ്** |
| അസംബ്ലി നിയോജക മണ്ഡലം | : | ഇടുക്കി<br>**ശ്രീ. റോഷി അഗസ്റ്റ്യൻ എം.എൽ. എ.** |
| പാർലമെന്റ് മണ്ഡലം | : | ഇടുക്കി<br>അഡ്വ. ഡീൻ കുര്യാക്കോസ് |

## പഞ്ചായത്തിന്റെ അതിരുകൾ

| | | |
|---|---|---|
| 1. കിഴക്ക് | : | നെടുകണ്ടം, ഇരട്ടയാർ ഗ്രാമപഞ്ചായത്തുകൾ |
| 2. പടിഞ്ഞാറ് | : | ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് |
| 3. തെക്ക് | : | കാമാക്ഷി, മരിയാപുരം ഗ്രാമപഞ്ചായത്ത് |
| 4. വടക്ക് | : | കൊന്നത്തടി ഗ്രാമപഞ്ചായത്ത് |